# സ്റ്റേറ്റ് കൌണ്സില് ഓഫ്  ദി പീപ്പിള്സ് റിപ്പബ്ലിക് ഓഫ് ചൈനയുടെ പ്രീമിയര് ശ്രീ ലി കേഖിയാംഗും പ്രധാനമന്ത്രിയുമായി നടത്തിയ ടെലിഫോണ് സംഭാഷണം

മെയ്  29, 2014

പ്രധാനമന്ത്രി നരേന്ദ്ര മോഡി ഇന്ന് ഉച്ചതിരിഞ്ഞ്  സ്റ്റേറ്റ് കൌണ്സില് ഓഫ്  ദി പീപ്പിള്സ് റിപ്പബ്ലിക് ഓഫ് ചൈനയുടെ പ്രീമിയര് ശ്രീ ലി കേഖിയാംഗും  തമ്മില് ടെലിഫോണില് സംസാരിച്ചു.  പ്രീമിയര് ലി പ്രധാനമന്ത്രി മോഡിയെ പൊതു തെരഞ്ഞെടുപ്പില്  അദ്ദേഹത്തിന്റെ വിജയത്തില് അഭിനന്ദിക്കുകയും  ഇരു രാജ്യങ്ങളും തമ്മില് മികച്ച ബന്ധങ്ങള് ഇനിയും ഉണ്ടാക്കുന്നതില് പുതിയ ഗവണ്മെന്റുമായി  ആരോഗ്യകരമായ പങ്കാളിത്തം സ്ഥാപിക്കുവാന് ചൈന ഗവമെണ്മെന്റിനുള്ള  ആഗ്രഹം അറിയിച്ചു .

ആശംസകള്ക്ക് പ്രീമിയര് ലിക്ക് പ്രധാനമന്ത്രി മോഡി നന്ദി അറിയിച്ചു. ഇന്ത്യയുടെ വിദേശ നയത്തില് ചൈനയ്ക്കു ഇപ്പോഴും പ്രാധാന്യം ഉണ്ട് എന്ന് പ്രധാനമന്ത്രി സൂചിപ്പിച്ചു. ചൈനയുമായുള്ള  നമ്മുടെ തന്ത്രപ്രധാന , സഹകരണ പങ്കാളിത്തത്തില് മുഴുവന് സാധ്യതകളും ഉപയോഗിക്കുവാനുള്ള തന്റെ ഗവണ്മെന്റിന്റെ നിശ്ചയദാര്ഢ്യംഅദ്ദേഹം അടിവരയിട്ടു പറഞ്ഞു. നമ്മുടെ ജനങ്ങളുടെ ദീര്ഘകാല ഗുണത്തിന് വേണ്ടി നമ്മുടെ വികസന ലക്ഷ്യ ങ്ങള്ക്കുള്ള തന്ത്രപ്രധാന കാഴ്ചപ്പാടുകളില് നിന്ന്  കൊണ്ട് നമ്മുടെ ഉഭയകക്ഷി ബന്ധങ്ങളിലെ പരിഹരിക്കപ്പെടാത്ത ഏതു വിഷയങ്ങളും  പരിഹരിക്കുന്നതിന് ചൈനയിലെ നേതൃത്വവുമായി  കൂടുതല് അടുത്ത് പ്രവര്ത്തിക്കുവാനുള്ള സന്നദ്ധത അദ്ദേഹം പ്രകടിപ്പിച്ചു . ഇരു രാജ്യങ്ങള്ക്കുമിടയില് വലിയ സാമ്പത്തിക ഇടപാടുകള് അദ്ദേഹം സ്വാഗതം ചെയ്തു .

ഉന്നതതല വിനിമയങ്ങളും ബന്ധങ്ങളും പതിവാക്കുന്നതിന് ഇരു നേതാക്കളും തീരുമാനിച്ചു.  ഈ വര്ഷം ഇന്ത്യ സന്ദര്ശിക്കുന്നതിന് പ്രസിഡന്റ് ക്സി ജിന്പിംഗിനുള്ള ക്ഷണം പ്രീമിയര് ലീയിലൂടെ പ്രധാനമന്ത്രി മോഡി അറിയിച്ചു . പ്രീമിയര് ലിയുമായുള്ള   സംഭാഷണം , ഇന്ത്യയുടെ  പ്രധാനമന്ത്രി പദം ഏറ്റെടുത്തതിനു ശേഷം ഒരു വിദേശ ഗവണ്മെന്റ് തലവനുമായിട്ടുള്ള പ്രധാനമന്ത്രി മോഡി നടത്തുന്ന ആദ്യത്തെ ടെലിഫോണ് സംഭാഷണമാണിത്.

ന്യൂഡെല്ഹി
മെയ് 29, 2014